(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുമ്പോൾ ഈ സ്ഥലത്തിന്റെ വിദ്യാഭ്യാസ ആവശ്യകത പരിശോധിക്കുവാൻ വിദ്യാഭ്യാസാധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

വെസ്റ്റ്നല്ലൂർ ഗവൺമെന്റ് എൽ. പി. സ്കൂൾ യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം

1838 [2874] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടു ജില്ലയിൽ ഫറോക്കിലെ വെസ്റ്റ് നല്ലൂർ ഗവൺമെന്റ് എൽ. പി. സ്കൂൾ യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ പാരൻറ് ടീച്ചേഴ്സ് അസോസിയേഷൻ ഇത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിനു നിവേദനം നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൽകിയിരുന്നു.

(സി) നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

മാനേജ്മെന്റ് സ്കൂളുകളിലെ സ്റ്റാഫ്

1839 [2875] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. ഇ. ഇസ്മയിൽ:
,, കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനേജ്മെന്റ് സ്കൂളുകളിൽ ആകെ എത്ര സ്റ്റാഫ് ഉണ്ട്;

(ബി) മാനേജ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകർക്കായി എന്തു തുക ചെലവാക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്വകാര്യ ഏജൻസികളാണ് സംസ്ഥാനത്ത് സ്കൂളുകൾ നടത്തുന്നത്?

ഉത്തരം

(എ) ആകെ 114047 പേർ ഉണ്ട്.

(ബി) 1985-86 വർഷത്തിൽ ഇതിലേക്കായി 180.18 കോടി രൂപ ചെലവായി.

(സി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം—V

LIBRARY ARCHIVES Kerala Legislative Assembly